"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പെരുമ്പിലാവ് റ്റി.എം.വി. എച്ച്.എസ്.എസ്.ലെ ക്ലാർക്ക് ശ്രീ.സി.കെ. ജോജു ഫയൽ ചെയ്ത റിട്ട് ഹർജി നം.34202/2023-ൽ 17.10.2023 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4150/2025/GEDN തീയതി,തിരുവനന്തപുരം, 24-06-2025

---

പരാമർശം:-

1. ശ്രീ.സി.കെ. ജോജു സർക്കാരിൽ സമർപ്പിച്ച 18/4/2023ലെ റിവിഷൻ പെറ്റിഷൻ (എക്സിബിറ്റ് പി9)
2. റിട്ട് ഹർജി നം.34202/2023-ൽ 17.10.2023 തീയതി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
3. തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 14/12/2023ലെ DDETSR/12183/2022-E2/14/12/2023 നമ്പർ ഹിയറിംഗ് റിപ്പോർട്ട്
4. ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 15/12/2023ലെ DEOCKD/5464/2023-B35 നമ്പർ ഹിയറിംഗ് റിപ്പോർട്ട്
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16/12/2023ലെ R2/21586/2023/DGE നമ്പർ ഹിയറിങ് റിപ്പോർട്ട്

**ഉത്തരവ്**

തൃശ്ശൂർ പെരുമ്പിലാവ് റ്റി.എം.വി എച്ച്.എസ്.എസ്.ലെ ക്ലാർക്കായ ശ്രീ.സി.കെ. ജോജു ഫയൽ ചെയ്ത റിട്ട് ഹർജി നം.34202/2023-ൽ 17.10.2023 തീയതി ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച എക്സിബിറ്റ് പി7 ഹർജി, ഹർജിക്കാരൻ , ബന്ധപ്പെട്ടവർ എന്നിവരെ കേട്ട്, വിധിന്യായ പകർപ്പ് ലഭ്യമായി 3 മാസത്തിനുള്ളിൽ, തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയത്തിൽ ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. ഹർജിക്കാരൻ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ ഹിയറിംഗ് വേളയിൽ ചുവടെ പറയുന്ന വാദങ്ങൾ ഉന്നയിച്ചു.

**ഹർജിക്കാരന്റെ വാദഗതികളുടെ സംഗ്രഹം ഇപ്രകാരമാണ്.**

4. തന്നെ 01.02.1992 ൽ എഫ്.ടി.എം. ആയി നിയമിച്ചിരുന്നു. ടി നിയമനം അംഗീകരിക്കുകയും

ചെയ്തിട്ടുണ്ട്. 01.06.2005-ൽ ക്ലാർക്ക് ആയി നിയമിക്കുകയുണ്ടായി. എഫ്.ടി.എം. തസ്തിക കൂടി കണക്കാക്കി ഗ്രേഡ് നൽകണമെന്നതാണ് ആവശ്യം.

**ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ഇപ്രകാരമാണ്**

5. പെരുമ്പിലാവ് ടി.എം.വി.എച്ച്.എസ്.എസ്.ലെ ക്ലാർക്ക് ശ്രീ.ജോജു സി.കെ.യെ 01.02.1992 ൽ എഫ്.ടി.എം. ആയി മാനേജർ നിയമിക്കുകയും ടി നിയമനം അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. പിന്നീട് ഡിവിഷൻ കുറയുകയും ടിയാൻ 14.07.1994-ൽ സ്കൂളിൽ നിന്നും പുറത്തുപോകുകയും 01.06.1998-ൽ തിരിച്ചു സർവ്വീസിൽ പ്രവേശിക്കുകയും ചെയ്തു. ടിയാന്റെ 01.06.1998 മുതലുള്ള നിയമനം അംഗീകരിച്ചു നൽകി. തുടർന്ന് 01.06.2005-ൽ ടിയാനെ ക്ലാർക്ക് ആയി നിയമിക്കുകയും ആയത് അംഗീകരിച്ചു നൽകുകയും ചെയ്തു. ക്ലാർക്ക് തസ്തികയിലുള്ള ടിയാന്റെ ഹയർഗ്രേഡ് 01.07.2013 തീയതിയിൽ 13,900/-(11620-20240) എന്ന ശമ്പള സ്കെയിലിൽ അനുവദിച്ചു നൽകിയിട്ടുള്ളതാണ്. തുടർന്നുള്ള ടിയാന്റെ സീനിയർ ഗ്രേഡ് 01.06.2020-ൽ 49,000/- (37400-79000) രൂപ അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്.

6. എഫ്.ടി.എം. തസ്തികയിൽ ശ്രീ. ജോജു സി.കെ.യ്ക്ക് 9 വർഷത്തിലധികം സർവ്വീസ് ഉണ്ടെങ്കിലും ടിയാന് എഫ്.ടി.എം. കേഡറിൽ ഗ്രേഡ് നൽകിയിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്

**പൊതുവിദ്യാഭ്യാസ ഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവരുടെ റിപ്പോർട്ട് ഇപ്രകാരമാണ്**

7. പെരുമ്പിലാവ് ടി.എം.വി.എച്ച്.എസ്.-ലെ ക്ലാർക്ക് ശ്രീ.ജോജു സി.കെ. 01.02.1992 മുതൽ പ്രാബല്യത്തിൽ ഫുൾ ടൈം മീനിയൽ തസ്തികയിൽ തുടർ സേവനത്തിൽ പ്രവേശിക്കുകയും, തസ്തിക നിർണ്ണയം മുൻനിറുത്തി തസ്തിക നഷ്ടപ്പെട്ട് 14.07.1994 മുതൽ പുറത്തു പോയിട്ടുള്ളതുമാണ്. തുടർന്ന് 01.06.1998 മുതൽ ഫുൾ ടൈം മീനിയൽ തസ്തികയിൽ തന്നെ പുനർനിയമനം ലഭിച്ച പ്രസ്തുത ജീവനക്കാരന് 01.06.2005 മുതൽ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതാണ്. മേൽ പരാമർശിച്ച നിയമനങ്ങൾ എല്ലാം തന്നെ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ അംഗീകരിച്ചിട്ടുള്ളതുമാണ്. സേവനത്തിൽ തുടരവേ ശ്രീ. ജോജു സി.കെ.-യ്ക്ക് ബന്ധപ്പെട്ട കാലയളവുകളിലെ ശമ്പളപരിഷ്കരണങ്ങളും, അനുബന്ധ (ക്ലാർക്ക് തസ്തികയിലെ) സമയബന്ധിത ഹയർ ഗ്രേഡുകളും അനുവദിച്ച് നൽകിയിട്ടുണ്ട്.

8. വിഷയവുമായി ബന്ധപ്പെട്ട് വ്യത്യസ്ത കാലയളവുകളിൽ വിവിധ ജീവനക്കാർക്ക് അനുവദിച്ച ഉത്തരവുകളുടെ വെളിച്ചത്തിലാണ് ടിയാൾക്ക് ഗ്രേഡ് പുനർക്രമീകരിച്ച് നൽകണമെന്ന് അപേക്ഷിച്ചിട്ടുള്ളത്. ആയത് അനുവദനീയമല്ല. അപേക്ഷകൻ ആവശ്യപ്പെട്ടതു പ്രകാരം ഫുൾ ടൈം മീനിയൽ, ക്ലാർക്ക് തസ്തികകളിലെ സേവനങ്ങൾ ഉൾപ്പെടുത്തി ഗ്രേഡുകൾ പുനർക്രമീകരിക്കണമെന്ന അപേക്ഷ ബന്ധപ്പെട്ട കാലയളവുകളിലെ ശമ്പളപരിഷ്കരണ ഉത്തരവുകൾ പ്രകാരം അനുവദനീയമല്ല (2004, 2009, 2014, 2019 ശമ്പളപരിഷ്കരണ ഉത്തരവുകൾ). വ്യത്യസ്ത തസ്തികകളിലെ സേവനക്കാലം ഉൾപ്പെടുത്തി സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കരുതെന്ന ധനകാര്യ വകുപ്പിന്റെ 08.08.2008-ലെ 46/2008/ധന. നമ്പർ ഉത്തരവ് നിലനിൽക്കുന്നത് മുൻനിറുത്തി അപേക്ഷ പരിഗണനാർഹമല്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സർക്കാർ ടി വിഷയം നിലവിലെ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി**

9. ശ്രീ. ജോജുവിനെ 01.02.1992 ൽ എഫ്.ടി.എം. ആയി നിയമിച്ചിരുന്നു. ടി നിയമനം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 01.06.2005-ൽ ക്ലാർക്ക് ആയി നിയമിക്കുകയുണ്ടായി. എഫ്.ടി.എം. തസ്തിക കൂടി കണക്കാക്കി ഗ്രേഡ് നൽകണമെന്നതാണ് ആവശ്യം

10. ശ്രീ.ജോജു സി.കെ. 01.02.1992 മുതൽ പ്രാബല്യത്തിൽ ഫുൾ ടൈം മീനിയൽ തസ്തികയിൽ തുടർ സേവനത്തിൽ പ്രവേശിക്കുകയും, തസ്തിക നിർണ്ണയം മുൻനിറുത്തി തസ്തിക നഷ്ടപ്പെട്ട് 14.07.1994 മുതൽ പുറത്തു പോയിട്ടുള്ളതുമാണ്. തുടർന്ന് 01.06.1998 മുതൽ ഫുൾ ടൈം മീനിയൽ തസ്തികയിൽ തന്നെ പുനർനിയമനം ലഭിച്ച പ്രസ്തുത ജീവനക്കാരന് 01.06.2005 മുതൽ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതാണ്. മേൽ പരാമർശിച്ച നിയമനങ്ങൾ എല്ലാം തന്നെ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ അംഗീകരിച്ചിട്ടുള്ളതുമാണ്. സേവനത്തിൽ തുടരവേ ശ്രീ. ജോജു സി.കെ.-യ്ക്ക് ബന്ധപ്പെട്ട കാലയളവുകളിലെ ശമ്പളപരിഷ്കരണങ്ങളും, അനുബന്ധ (ക്ലാർക്ക് തസ്തികയിലെ) സമയബന്ധിത ഹയർ ഗ്രേഡുകളും അനുവദിച്ച് നൽകിയിട്ടുണ്ട്.

11. എഫ്.ടി.എം. തസ്തികയിൽ ശ്രീ. ജോജു സി.കെ.യ്ക്ക് 9 വർഷത്തിലധികം സർവ്വീസ് ഉണ്ടെങ്കിലും ടിയാന് എഫ്.ടി.എം. കേഡറിൽ ഗ്രേഡ് നൽകിയിട്ടില്ല.

12. KER Chapter XXIV A യിനു കീഴിലെ Rule 1 Explanation II പ്രകാരം The post of Lower Division Clerk shall be filled up by promotion of Attenders, Peons, Sweepers and other staff, if they possess the qualification prescribed for the Lower Division Clerk. എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. അതായത്, എൻടി തസ്തികയെ അടിസ്ഥാനമാക്കിയാണ് സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നത്. അതിനാൽ ലാസ്റ്റ് ഗ്രേഡിൽ നിന്നും പ്രൊമോഷൻ ലഭിച്ച് ക്ലർക്കാവുന്ന എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ എൻടി തസ്തിക ലാസ്റ്റ് ഗ്രേഡ് തന്നെയായിരിക്കും. (for the purpose of granting TBHGs) ഇത്തരക്കാർക്ക് ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിർദ്ദിഷ്ട വർഷ യോഗ്യതാ സേവനകാലയളവുകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കാവുന്നതാണ്. എന്നാൽ ലാസ്റ്റ് ഗ്രേഡിൽ തന്നെ എഫ്.ടി.എം ആയി നിയമിക്കപ്പെട്ട ഒരു ജീവനക്കാരന് ആദ്യമായി പ്യൂൺ പ്രൊമോഷൻ ലഭിക്കുകയും (ഒരേ സ്കെയിലാണെന്നതിനാൽ അഡ്വാൻസ് ഇൻക്രിമെന്റ് മാത്രമാണ് ടി അവസരത്തിൽ നല്കുന്നത് എന്നതിനാൽ) ടിയാളുകൾക്ക് എഫ്.ടി.എം, പ്യൂൺ എന്നീ തസ്തികകളിൽ തന്നെ തുടരുകയാണെങ്കിൽ അഡ്വാൻസ് ഇൻക്രിമെന്റ് നല്കാതെയുള്ള ശമ്പളം കണക്കിലെടുത്ത് ഒന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചു നല്കും. തുടർന്നാണ് ക്ലർക്ക് പ്രൊമോഷൻ ലഭിക്കുന്നതെങ്കിൽ രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡിനായിരിക്കും അർഹതയില്ലാതാകുന്നത്. ലാസ്റ്റ് ഗ്രേഡിൽ നിന്നും ഗ്രേഡ് ലഭിച്ച ശേഷമോ അല്ലാതെയോ ക്ലർക്ക് പ്രൊമോഷൻ ലഭിക്കുന്ന ജീവനക്കാർക്ക് തുടർന്ന് അർഹമായ ഗ്രേഡുകൾ കണക്കാക്കേണ്ടത് ക്ലർക്ക് തസ്തികയിലെ ഗ്രേഡുകൾ എന്നല്ല, മറിച്ച് എൻടി തസ്തികയായ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ലഭിക്കേണ്ട തുടർ ഗ്രേഡുകളാണ്. അതിൻപ്രകാരം ശമ്പള പരിഷ്കരണ ഉത്തരവുകളിലെ List of Standard scales ലെ (അനക്സർ I) പ്രകാരം ക്ലർക്ക് തസ്തികയുടെ ശമ്പള സ്കെയിലിന്റെ തൊട്ടുയർന്ന സ്കെയിലുകളിലാണ് ഇത്തരക്കാർക്ക് തുടർ സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുവാൻ

അർഹതയുള്ളത്.

13. മേൽ സാഹചര്യത്തിൽ, 20/11/2024ലെ GO(P) No.24/2024/GEDN നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി ശ്രീ.ജോജുവിന്റെ മുൻകാല ലാസ്റ്റ് ഗ്രേഡ് സേവനം കൂടി കണക്കിലെടുത്ത് അർഹമായ സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നതു പരിശോധിക്കുവാനും തെറ്റായി ഗ്രേഡുകൾ അനുവദിച്ചതിലൂടെ ടിയാൻ അധികമായി തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തുടർന്നുള്ള ഗ്രേഡുകൾ അനുവദിക്കുന്നതിൽ നിന്നും തട്ടിക്കിഴിക്കുവാനും ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ടും അപ്രകാരം ശ്രീ.സി.കെ.ജോജു ഫയൽ ചെയ്ത റിട്ട് ഹർജി 34202/2023ൽ 17/10/2023 തീയതി ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീ.സി.കെ.ജോജു, ക്ലാർക്ക്, ടി.എം.വി.എച്ച്.എസ്., പെരുമ്പിലാവ്, പെരുമ്പിലാവ് പി.ഒ., കുന്നംകുളം, തൃശ്ശൂർ-680 519
പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചാവക്കാട്
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.

Signed by
Resmi Babu
Date: 24-06-2025 12:31:04